# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# വണങ്ങാത്ത മനുഷ്യൻ


എഴുതിയത് : Edward Hughes
ഉദാഹരണം : Jonathan Hay
അംഗികരിച്ചത് : Mary- Anne S.
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനം മുദ്രണം ചെയുവാനം അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.




നെബുഖദ്നേസർ രാജാവ് ഒരു വലിയ സ്വർണ ബിംബം ഉാക്കി. തലമുതൽ പാദം വരെ മുഴുവൻ സ്വർണം. തന്റെ സ്വർണ രാജത്വം എന്നേക്കും നിൽക്കുകയില്ല എന്നു പറയുവാൻ ദൈവം നൽകിയ സ്വപ്നം രാജാവ് മറന്നിരിക്കാം. അല്ല, താൻ ഒരു ബിംബം സ്വർണംകൊ് ഉാക്കിയാൽ സ്വപ്നത്തിൽ പറഞ്ഞ ദൈവവചനം സാക്ഷാത്കരിക്കപ്പെടാതെ പോകുമായിരിക്കും എന്ന് രാജാവ് ചിന്തിച്ചിരിക്കാം.




രാജാവിന്റെ സേവകരിൽ
ഒരാൾ പൊതുജനങ്ങൾക്കുള്ള
ഓർഡർ വായിച്ചുകേൾപ്പിച്ചു.
"... സ്വർണ്ണ ബിംബത്തിന്റെ
മുമ്പിൽ വീണ് നിങ്ങൾ
അതിനെ നമസ്കരിക്കണം.
ആരെങ്കിലും വീണ്
നമസ്കരിക്കാതിരുന്നാൽ
അവരെ എരിയുന്ന തീച്ചൂളയുടെ
നടുവിലേക്ക് എറിഞ്ഞുകളയും."
3


രാജാവിന്റെ ഓർഡർ എല്ലാവരും അനുസരിച്ചു–മൂന്ന്
മനുഷ്യരൊഴികെ. ആ മനുഷ്യർ യഹൂദന്മാരായിരുന്നു.
അവർ ദാനിയേലിന്റെ സുഹൃത്തുക്കളായ ശദ്രക്കും മേശക്കും
അബേദ്നെഗോവും ആയിരുന്നു. ദാനിയേൽ
ഇക്കൂട്ടത്തിൽ ഇല്ലെന്നു തോന്നുന്നു.
മനുഷ്യൻ ഉാക്കിയ
ഈ ബിംബത്തെ
ആരാധിക്കുവാൻ
നിശ്ചയമായും
ദാനിയേലും
കൂട്ടാക്കുകയില്ല.
4


ദാനിയേലിനെയും കൂട്ടുകാരെയും രാജാവ്
ഇഷ്ടപ്പെട്ടിരുന്നതിനാൽ രാജാവിന്റെ ജ്ഞാനികൾക്ക്
അവരോട് അസൂയ ഉായിരുന്നു. അതുകൊ് അവർ പറഞ്ഞു,
"ബാബിലോണിലെ പ്രവിശ്യകൾക്ക് അധികാരികളായി നീ
നിയമിച്ചിട്ടുള്ള മൂന്ന് പേരു് ശദ്രക്ക്, മേശക്ക്, അബേദ്നെഗോ.
രാജാവേ, ഇവർ താങ്കളെ
അനുസരിക്കുന്നില്ല. അവർ നിന്റെ
ദേവൻമാരെ സേവിക്കുന്നില്ല,
നീ നിർത്തിയിരിക്കുന്ന
സ്വർണബിംബത്തെ
ആരാധിക്കുന്നുമില്ല."
5


നെബുഖദ്നേസർ രാജാവ്
കോപംകൊ് നിറഞ്ഞു. അവൻ
അവർക്ക് മുന്നറിയിപ്പു നൽകി,
"നിങ്ങൾ വീണു
നമസ്കരിക്കുന്നില്ലെങ്കിൽ,
എരിയുന്ന തീച്ചൂളയുടെ
നടുവിലേക്ക് നിങ്ങളെ എറിയും.
എന്റെ കൈയിൽനിന്ന് നിങ്ങളെ
വിടുവിക്കുവാൻ ഏതു
ദേവനാണുള്ളത്?"
6


രാജാവ് ഒരു വലിയ അപരാധമാണു കാട്ടിയത്.
അവൻ വാസ്തവത്തിൽ ജീവനുള്ള ദൈവത്തെ
വെല്ലുവിളിക്കുകയായിരുന്നു. ഒരു ബിംബത്തെ
നമസ്കരിക്കുന്നത് ദൈവത്തിന്റെ നിയമത്തിന്
വിരോധമാണെന്ന് യഹൂദരായ ആ മൂന്നു
ചെറുപ്പക്കാർക്ക് അറിയാമായിരുന്നു. അവർ
നമസ്കരിച്ചില്ല. കാരണം
അവർ ദൈവത്തിൽ
ആശ്രയിച്ചിരുന്നതുകൊ്
രാജാവിനെ
ഭയപ്പെട്ടില്ല.
7


ധീരന്മാരായ ഈ മൂന്നു ചെറുപ്പക്കാർക്ക് രാജാവിനോട്
പറയാൻ ഒരു ഉത്തരം ഉായിരുന്നു. അവർ പറഞ്ഞു; "എരിയുന്ന
തീച്ചൂളയിൽനിന്ന് ഞങ്ങളെ വിടുവിക്കുവാൻ കഴിവുള്ളവനാണ്
ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം. എന്നാൽ
വിടുവിച്ചില്ലെങ്കിലും ഞങ്ങൾ നിന്റെ ദേവന്മാരെ സേവിക്കുകയോ
നീ ഉാക്കിയ സ്വർണ്ണ ബിംബത്തെ നമസ്കരിക്കുകയോ
ചെയ്കയില്ലെന്നറിഞ്ഞാലും
രാജാവേ."
8


നെബുഖദ്നേസർ
രാജാവ് അരിശംപൂു!
തീച്ചൂളയുടെ ശക്തി
ഇപ്പോൾ ഉള്ളതിനെക്കാൾ
ഏഴു മടങ്ങ് വർധിപ്പിക്കാൻ
രാജാവ് കല്പിച്ചു.
എന്നിട്ടും ആ മനുഷ്യർ
മുട്ടു മടക്കിയില്ല.
9


ശദ്രക്ക്, മേശക്ക്, അബേദ്നെഗോ
എന്നിവരെ കെട്ടി
എരിയുന്ന
തീച്ചൂളയിലേക്ക്
എറിയുവാൻ
തന്റെ
സൈന്യത്തിലെ
ശക്തന്മാരോട്
രാജാവ് കല്പിച്ചു.
10


അതിഭയങ്കര തീച്ചൂള ആയിരുന്നതിനാൽ
ശദ്രക്കിനെയും മേശക്കിനെയും
അബേദ്നെഗോവിനെയും
തീച്ചൂളയിൽ എറിഞ്ഞ
പുരുഷന്മാർ ചൂടുകൊ്
ചത്തുപോയി.
11


സുരക്ഷിതമായ ദൂരത്തുനിന്നുകൊ് രാജാവ് വീക്ഷിച്ചു.
എരിയുന്ന തീച്ചൂളയുടെ നടുവിലേക്ക് എറിഞ്ഞുകളഞ്ഞ
മൂന്ന് മനുഷ്യരെ താൻ കു. എന്നാൽ അതു
മാത്രമല്ലായിരുന്നു രാജാവ് കത്.
12


നെബുഖദ്നേസർ രാജാവ് ആശ്ചര്യപ്പെട്ടു! "മൂന്ന്
പുരുഷന്മാരെയല്ലേ കെട്ടപ്പെട്ടവരായി നാം തീയുടെ നടുവിലേക്ക്
ഇട്ടത്?" തന്റെ സഹായികളോട്
രാജാവ് ചോദിച്ചു. "അതേ,"
അവർ മറുപടി പറഞ്ഞു.
രാജാവ് പറഞ്ഞു, "നോക്കൂ!
കെട്ടഴിഞ്ഞവരായി
ഞാൻ നാലുപേരെ
കാണുന്നു, അവർ
തീയുടെ നടുവിലൂടെ
നടക്കുന്നു, അവർക്ക്
ഹാനിയൊന്നും
സംഭവിച്ചിട്ടില്ല.
നാലാമത്തെയാൾ
ദൈവപുത്രനെപ്പോലെയിരിക്കുന്നു!"
13


എരിയുന്ന തീച്ചൂളയുടെ വാതിലോളം
ചെന്നിട്ട് രാജാവ് ഉറക്കെ വിളിച്ചുപറഞ്ഞു;
"അത്യുന്നതനായ ദൈവത്തിന്റെ
ദാസന്മാരായ ശദ്രക്, മേശക്,
അബേദ്നെഗോ, പുറത്തുവരിക!"
ശദ്രക്കും മേശക്കും
അബേദ്നഗോവും
എരിയുന്ന
തീച്ചൂളയിൽനിന്ന്
പുറത്തുവന്നു.
14

എല്ലാവരും ഓടിക്കൂടി ഈ മൂന്ന് എബ്രയരെയും പരിശോധിച്ചു. അവരെ ചുട്ടുകളയുവാൻ തക്ക ശക്തി ആ തീച്ചൂളയ്ക്ക് ഇല്ലെന്ന് അവർ കു. അവരുടെ തലമുടി നശിച്ചുപോയില്ല, അവരുടെ വസ്ത്രം വെന്തുപോയില്ല. അവരുടെ ദേഹത്ത് തീയുടെ മണംപോലുമില്ലായിരുന്നു.



15

എന്താണു സംഭവിച്ചതെന്ന് തിരിച്ചറിഞ്ഞ നെബുഖദ്നേസർ രാജാവ് വളരെ ബുദ്ധിപരമായ ഒരു കാര്യം ചെയ്തു. അവൻ പ്രാർത്ഥിച്ചു, എന്നിട്ട് പറഞ്ഞു, “ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവരുടെ ദൈവം അനുഗ്രഹിക്കപ്പെട്ടവൻ, അവൻ തന്റെ ദൂതനെ അയച്ച് തന്നിൽ ആശ്രയിച്ച തന്റെ ദാസന്മാരെ വിടുവിച്ചുവല്ലോ.”



16

വണങ്ങാത്ത മനുഷ്യൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ദാനിയേൽ മൂന്ന

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

17

# അവസാനം

33 60

18

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ച യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16

19